പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 3149

22.06.2012 ൽ മറുപടിയ്ക്ക്

## വയോജനങ്ങളുടെ എണ്ണം

ചോദ്യം

ശ്രീ. സി. മോയിൻകുട്ടി

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. എൻ. എ. ഖാദർ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ | ഭാവിയിൽ വയോജനങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുമെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | നിലവിലുള്ള സെൻസസ് രേഖകൾ പ്രകാരം വയോജനങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി | വയോജനങ്ങൾക്കിടയിൽ സ്ത്രീകളുടെ എണ്ണം സംസ്ഥാനത്ത് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി | വയോജനങ്ങൾക്കിടയിൽ സ്ത്രീകളുടെ എണ്ണം സംസ്ഥാനത്ത് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| സി | വയോജനങ്ങളുടെ ക്ഷേമത്തിനായി എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | സി | വയോജന നയം പരിഷ്ക്കരിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. വയോജനനയം പരിഷ്ക്കരിക്കുമ്പോൾ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിക്കണമെന്ന് ചർച്ച ചെയ്യുന്നതും തീരുമാനിക്കുന്നതുമാണ്. |
| ഡി | വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും, അവരുടെ കർമ്മശേഷിയും പ്രായോഗിക പരിജ്ഞാനവും സംസ്ഥാനത്തിന്റെ വളർച്ചയ്ക്കുവേണ്ടി പരമാവധി ഉപയോഗപ്പെടുത്തുന്നതിനുമായി നൂതന പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ; | ഡി | വയോജനങ്ങളുടെ ആരോഗ്യ ക്ഷേമ സംരക്ഷണത്തിനായി എല്ലാ ജില്ലാ ആശുപത്രികളിലും ജറിയാട്രിക് വാർഡുകൾ സ്ഥാപിയ്ക്കുന്നതിനും വൃദ്ധ മന്ദിരങ്ങളിൽ വച്ച് വയോജനങ്ങൾക്കായി മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പു മുഖേന സ്വീകരിച്ച് വരുന്നു. വയോജനങ്ങളുടെ കർമ്മശേഷിയും പ്രായോഗിക പരിജ്ഞാനവും സംസ്ഥാനത്തിന്റെ വളർച്ചയക്ക് വേണ്ടി ഉപയോഗപ്പെടുത്താവുന്നതാണെന്ന് 2006 ലെ വയോജന നയത്തിൽ പ്രതിപാദിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | വയോജനങ്ങൾക്കായി നിലവിലുള്ള പദ്ധതികൾ പരിഷ്കരിയ്ക്കുന്നതിനും പുതിയ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനുമായി വയോജനനയം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| ഡി | എങ്കിൽ ഇവരുടെ സേവനം ഉപയോഗപ്പെടുത്താവുന്ന മേഖലകൾ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോയെന്നറിയിക്കുമോ? | ഡി | വയോജനങ്ങളുടെ സേവനം ഉപയോഗപ്പെടുത്താവുന്ന മേഖലകൾ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടില്ല |

R. Vijayan

സെക്ഷൻ ഓഫീസർ